# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**ദിവസവേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് പശ്ചാത്തലത്തിൽ ലോക്ഡൗൺ കാലയളവിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC 5989/13/Est.II** നന്തൻകോട്, **30-06-2021**

---

പരാമർശം :- 1. 14.06.2021ലെ സ.ഉ (അച്ചടി) നും 82/2021/ധന. നമ്പർ ഗവണ്മെന്റ് ഉത്തരവ്.
2. 17.06.2021ലെ ബോർഡ് തീരുമാനം.
3. 17.06.2021ലെ ആർ.ഒ.സി. 3701/20/എസ്റ്റാ.1 നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

കോവിഡ് - 19-ന്റെ പശ്ചാത്തലത്തിൽ ആഫീസ് പ്രവർത്തനം സംബന്ധിച്ച് പരാമർശം 3 ആയി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ദിവസവേതനക്കാർക്ക് വേതനം നൽകുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ദിവസവേതന ജീവനക്കാർ 50 ശതമാനമോ അതിലധികമോ ഹാജരുണ്ടായാൽ മാത്രം, ഹാജരാകേണ്ടിയിരുന്ന മുഴുവൻ പ്രവൃത്തി ദിവസങ്ങളും ഡ്യൂട്ടിയായി കണക്കാക്കി ശമ്പളം ചെലവെഴുതുന്നതിനും 50 ശതമാനത്തിൽ താഴെ മാത്രമേ ഹാജരാകുന്നുള്ളൂ എങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലെ മാത്രം ശമ്പളം ചെലവെഴുതുന്നതിനും നിർദ്ദേശിച്ച് ബോർഡ് ഉത്തരവാകുന്നു.
- ഹാജരായിട്ടുള്ള ദിവസങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ആഫീസ് മേധാവികളുടെ സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

D.B.N